# ഭാഗം 8 സാമൂഹ്യശാസ്ത്രം

**ഉള്ളടക്കം**


8.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
8.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1 സാമൂഹ്യശാസ്ത്രത്തിന്റെ പ്രമേയം.
8.2 പാഠസംഗ്രഹം
8.3 കുറിപ്പുകൾ
8.4 പുരോഗതി സ്വയം പരിശോധിക്കുക-1
8.5 വിഷയാവതരണവും പാഠഭാഗവും—
പാഠം-2 കുടുംബം
8.6 പാഠസംഗ്രഹം
8.7 കുറിപ്പുകൾ
പുരോഗതി സ്വയം പരിശോധിക്കുക-2
8.8 വിഷയാവതരണവും പാഠഭാഗവും—
പാഠം-3 സാമൂഹ്യനിയന്ത്രണം
8.9 പാഠസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-3
8.10 വിഷയാവതരണതും പാഠഭാഗവും—
പാഠം-4 സാമ്പത്തികസ്ഥാപനങ്ങൾ
8.11 പാഠസംഗ്രഹം.
8.12 കുറിപ്പ്
പുരോഗതി സ്വയം പരിശോധിക്കുക-4
8.13 വിഷയാവതരണവും പാഠഭാഗവും—
പാഠം-5 രാഷ്ട്രീയസ്ഥാപനങ്ങൾ
8.14 പാഠസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-6
8-15 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം


## 8.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

**മനുഷ്യൻ ഒറ്റയ്ക്കല്ല ജീവിക്കുന്നത്; സമൂഹമായിട്ടാണ്. ഈ ജീവിതത്തിലൂടെ മനുഷ്യൻ പല സാമൂഹ്യസംപ്രദായങ്ങൾക്കും രൂപം നൽകി. പരീക്ഷണങ്ങളും പരിഷ്ക്കാരങ്ങളും നിരന്തരം നടന്നപ്പോൾ ഈ സാമൂഹ്യസംപ്രദായത്തിന് വലിയ മാറ്റങ്ങൾ സംഭവിച്ചു. അതിനെത്തുടർന്ന് സാമൂഹ്യഘടനയെക്കുറിച്ച് അതിന്റെ വികാസപരിണാമങ്ങളെക്കുറിച്ചും അനേകം സിദ്ധാന്തങ്ങളും തത്വദർശനങ്ങളും ഉണ്ടായി. ഇവ സാമൂഹ്യശാസ്ത്രത്തിന്റെ വിഷയങ്ങളാണ്. അവയെ പ്രതിപാദിക്കുന്ന ഭാഷാശൈലിയുമായി വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക . എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാനമായ ഉദ്ദേശ്യം. ശ്രീ ആറ്റിങ്ങൽ രാമചന്ദ്രൻ എഴുതിയ 'കുടുംബം', 'സാമൂഹ്യസ്ഥാപനങ്ങൾ' തുടങ്ങിയ ലേഖനങ്ങൾ ലക്ഷ്യമാക്കിയാണ് ഈ ഉദ്ദേശ്യം സാധിതപ്രായമാക്കാൻ ശ്രമിച്ചിട്ടുള്ളത്.**

## 8.1 വിഷയാവതരണം

മനുഷ്യൻ ഈ ഭൂമുഖത്ത് പിറന്നുവീഴുന്നത് ഒരു സമൂഹത്തിന്റെ മദ്ധ്യത്തിലേക്കാണ്. അവൻ ഒരിക്കലും ഒററയ്ക്കല്ല ജീവിക്കുന്നത്. ജീവിതായോധനത്തിന് അവന് കൂട്ടാളികൾ വേണം. ആഹാരം സമ്പാദിക്കാനും ശത്രുക്കളിൽ നിന്നു രക്ഷപ്പെടാനും മനുഷ്യന് ഒററയ്ക്കു സാദ്ധ്യമല്ല. ജീവിവർഗ്ഗങ്ങളിൽ ഏററവും ദീർഘമായ ശൈശവമുള്ള ജീവി മനുഷ്യനാണ്. ഇരുകാലിൽ എഴുന്നേററു നിൽക്കാൻതന്നെ മനുഷ്യന് മാസങ്ങൾ വേണ്ടിവരുന്നു. ഒരാട്ടിൻകുട്ടി പെററുവീണ് അധികം കഴിയുന്നതിനു മുമ്പ് എഴുന്നേററ് തുള്ളി ഓടുന്നത് നാം കണ്ടിട്ടുണ്ട്. പക്ഷേ, മനുഷ്യന് ഇതു സാദ്ധ്യമല്ല. ഇങ്ങനെ മറെറാരാളുടെ സഹായം ഏറെക്കാലം ലഭിച്ചേ മതിയാവൂ എന്ന നില മനുഷ്യന്റെ ജീവൽ പ്രകൃതിയുടെ ഭാഗമാണ്. പരസ്പരം സഹകരിച്ചും സ്നേഹിച്ചും ദൃഢതയുള്ള ബന്ധങ്ങൾ സൃഷ്ടിക്കാൻ അവൻ വാസനാപരമായിത്തന്നെ നിർബന്ധിക്കപ്പെടുന്നു. മനുഷ്യൻ സാമൂഹ്യജീവിയാണ് എന്നു പറയുന്നതിന്റെ അർത്ഥമിതാണ്. ഏതെങ്കിലും തരത്തിലുള്ള ഘടനാവിശേഷങ്ങളോടുകൂടിയ സാമൂഹ്യബന്ധം മനുഷ്യവംശത്തിന്റെ ചരിത്രത്തിലെ എല്ലാ ഘട്ടങ്ങളിലും നിലനിന്നിരുന്നു എന്ന കാര്യം തീർച്ചയാണ്.

കൂട്ടായ ജീവിതം മനുഷ്യനു മാത്രമല്ലല്ലോ ഉള്ളത്. തേനീച്ച കൂട്ടമായിട്ടാണ് ജീവിക്കുന്നത്; മാനുകൾ പററമായിട്ടാണ് മേയുന്നത്. പിന്നെ മനുഷ്യന്റെ സാമൂഹ്യജീവിതത്തിന് എന്താണ് പ്രത്യേകത എന്ന ചോദ്യം സ്വാഭാവികമായും ഉണ്ടാകാം. തേനീച്ചക്കൂട്ടത്തിന്റെ കൂട്ടുജീവിതം എല്ലാക്കാലത്തും ഒരുപോലെയായിരുന്നു. മാനുകളുടെ കാര്യവും അങ്ങനെതന്നെ. എന്നാൽ മനുഷ്യന്റെ കാര്യമതല്ല. മനുഷ്യൻ വികസിച്ച മസ്തിഷ്കമുള്ള ജീവിയാണ്. പ്രകൃതിയേൽപ്പിച്ച പരിമിതികളെ അതിജീവിക്കാൻ മനുഷ്യനുള്ള ഏററവും കരുത്തുള്ള അവയവം അവന്റെ മസ്തിഷ്കമാണുതാനും. അതിന്റെ പ്രയോഗം കൊണ്ട് മനുഷ്യൻ വാസനകളുടെ പരിമിതവലയത്തെ ഭേദിച്ച് പ്രകൃതിയുടെ മേൽ ആധിപത്യം നേടി. ആ മുന്നേററത്തിൽ അവൻ അനവധി സാമൂഹ്യബന്ധ സമ്പ്രദായങ്ങൾ പരീക്ഷിക്കുകയും ചെയ്തു. ഒരു സമ്പ്രദായവും പരിപൂർണ്ണതൃപ്തി നൽകുന്നതല്ലാത്തതിനാൽ പരീക്ഷണങ്ങളും പരിഷ്കാരങ്ങളും നിരന്തരമായി സംഭവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. സാമൂഹ്യ ശാസ്ത്രത്തിന്റെ പ്രമേയമെന്തെന്ന് നമുക്കു പഠിക്കാം. ശ്രീ. ആററിങ്ങൽ രാമചന്ദ്രൻ എഴുതിയ 'മാനവികശാസ്ത്രങ്ങൾ' എന്ന ഗ്രന്ഥത്തിൽനിന്ന് എടുത്ത പ്രസക്തഭാഗങ്ങളാണ് പാഠഭാഗങ്ങളായി കൊടുത്തിട്ടുള്ളത്.

### പാഠം – 1 സാമൂഹ്യശാസ്ത്രത്തിന്റെ പ്രമേയം

മനുഷ്യൻ സമൂഹ്യജീവിയാണ് എന്നു പറയുന്നതുതന്നേ മററു വ്യക്തികളുമായി അവൻ നിരന്തരസമ്പർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ഒരു വ്യക്തിക്കും ഒററക്കു സമൂഹത്തിൽ ജീവിക്കാനാവില്ല. മററു വ്യക്തികളുമായി ഇടപഴകുക എപ്പോഴും ആവശ്യമാണ്. മൃഗങ്ങളുടെ സംഘങ്ങളിൽനിന്ന് മനുഷ്യസമ,ഹത്തിനുള്ള പ്രധാന വ്യത്യാസം, മനുഷ്യബന്ധങ്ങൾക്കു സാംസ്കാരികമായ ഒരു അടിത്തട്ട് ഉണ്ടെന്നുള്ളതാണ്. മനുഷ്യശിശുവിന്റെ ജനനസമയത്ത് അതിനു മനുഷ്യരുടേതായ പെരുമാററരീതികളെക്കുറിച്ച് യാതൊന്നും അറിയില്ല. സമൂഹം അതിനെ ഒരു സമൂഹജീവിയാക്കി വാർത്തെടുക്കുകയാണു ചെയ്യുന്നത്. എന്നാൽ, ഇങ്ങനെ പരിശീലനം നേടുന്ന ശിശുക്കളെല്ലാം വളരുമ്പോൾ പെരുമാറുന്നത് ഒരുപോലെയല്ല, അവരവരുടേതായ ചില പ്രത്യേകതകൾകൂടി, ഈ പാഠങ്ങൾക്കൊപ്പം ചേർന്നു വളരെ സങ്കീർണതയുള്ള, തനിമയുള്ള, പെരുമാററരീതി രൂപംകൊള്ളുകയാണു പതിവ്.

സമൂഹത്തിൽനിന്നാണു വ്യക്തികളുടെ പ്രവൃത്തികൾക്കു പ്രചോദനമുണ്ടാകുന്നത്. സമൂഹത്തിന്റെ മൊത്തത്തിലുള്ള പരിണാമം ഒരു വ്യക്തിയുടെ സ്വഭാവത്തെ ആശ്രയിച്ചല്ല ഇരിക്കുന്നത്. അതിനുള്ളിലെ വ്യക്തികളുടെ എല്ലാം പെരുമാററങ്ങളുടെ പരസ്പരസംഘട്ടനത്തിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്നതാണ് സമൂഹപരിണാമം.

സമൂഹത്തെക്കുറിച്ചു പഠിക്കുമ്പോൾ അതിന്റെ ഘടകങ്ങൾ, ഘടന, ബന്ധങ്ങൾ, പൊതുസ്വഭാവം എന്നിവ കണക്കിലെടുക്കണം. സമൂഹത്തിനു മൊത്തത്തിലുണ്ടായിട്ടുള്ള വളർച്ച, പ്രാചീനസമൂഹത്തിൽനിന്ന് ആധുനികസമൂഹത്തിലേക്കുള്ള മാററത്തിന്റെ വിവിധ ഘട്ടങ്ങൾ എന്നിവ പ്രത്യേകം പഠനവും ശ്രദ്ധയും അർഹിക്കുന്നു. സാമൂഹ്യശാസ്ത്രങ്ങളിൽ സമൂഹത്തിന്റെ മൊത്തത്തിലുള്ള സ്വഭാവം നിർണയിക്കുന്നതിനും അതിനെ വിശകലനം ചെയ്തു ലഭിക്കുന്ന വിജ്ഞാനം ഭാവിസാമൂഹ്യമാററങ്ങളിൽ ഗുണകരമായി ഉപയോഗിക്കുന്നതിനും സാമൂഹ്യസ്വഭാവങ്ങളുടെ പരിണാമത്തിന്റെ മൊത്തത്തിലുള്ള പഠനം അത്യന്താപേക്ഷിതമാണ്.

കുടുംബം, സ്കൂൾ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയപ്പാർട്ടികൾ തുടങ്ങി സമൂഹത്തിൽ നിലനിൽക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനമാണ് സാമൂഹ്യശാസ്ത്രങ്ങൾ എന്ന അഭിപ്രായഗതിയുള്ള ശാസ്ത്രകാരൻമാരുണ്ട്. ഇവയെ ഒററപ്പെട്ട സ്ഥാപനങ്ങളായിട്ടല്ല, വ്യക്തമായ ലക്ഷ്യങ്ങളോടെ സമൂഹത്തിൽ പ്രവർത്തിക്കുന്ന സംഘടനാരൂപങ്ങളായിട്ടാണ് സാമൂഹ്യശാസ്ത്രജ്ഞൻമാർ കാണുന്നത്. മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള പഠനമാണ് സാമൂഹ്യശാസ്ത്രങ്ങൾ എന്നതാണ് മറെറാരു അഭിപ്രായം. സമൂഹത്തിലെ അംഗമായ മനുഷ്യന് ഒട്ടുവളരെ ബന്ധങ്ങളുണ്ടാകാം. അച്ഛൻ, അമ്മ, മക്കൾ, സഹോദരൻ, സഹോദരി, സ്നേഹിതൻ, ഗുരു എന്നിങ്ങനെ നിരവധി ബന്ധങ്ങൾ. ഈ ബന്ധങ്ങളുടെ ഏകീകൃതസ്വഭാവം സാമൂഹ്യശാസ്ത്രത്തിൽ പഠനവിഷയമാണ്. ഇങ്ങനെ സമൂഹത്തിലെ മററംഗങ്ങളുമായി ബന്ധപ്പെടുമ്പോഴുള്ള വ്യക്തിയുടെ പെരുമാററങ്ങൾ ആവർത്തന സ്വഭാവമുള്ളവയാണ്. ഈ പെരുമാററങ്ങളുടെ അടിസ്ഥാനം സമൂഹം നിശ്ചയിച്ചിട്ടുള്ള പെരുമാററച്ചട്ടവും അവയുടെ നടത്തിപ്പിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളുമാണ്. ഇവയ്ക്കനുസരണമായുള്ള വ്യക്തികളുടെ പെരുമാററത്തെക്കുറിച്ചുള്ള പഠനവും സാമൂഹ്യശാസ്ത്രത്തിൻെറ വിഷയത്തിൽ പെടുന്നു.

സാമൂഹ്യശാസ്ത്രത്തിൻെറ ഉപജ്ഞാതാവായി കരുതപ്പെടുന്നത് ഫ്രഞ്ചുദാർശനികനായ അഗസ്ററ് കോംപ്ത് (1798-1857) ആണ്. 1837-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച 'പോസിററിവ് ഫിലോസഫി' എന്ന പുസ്തകത്തിലാണ് സോഷ്യോളജി (സാമൂഹ്യശാസ്ത്രം) എന്ന ശാസ്ത്രനാമം ആദ്യമായി കാണപ്പെടുന്നത്. ഇതിനു മുമ്പുതന്നെ സമൂഹത്തിൻെറ പെരുമാററരീതികളെക്കുറിച്ചു പ്രസ്താവിക്കുന്ന ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്. കൗടില്യൻെറ അർത്ഥശാസ്ത്രവും അരിസ്റേറാട്ടിലിൻെറ രാഷ്ട്രതന്ത്രവും സമൂഹസ്വഭാവങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ആദ്യകാലത്ത് സാമൂഹ്യശാസ്ത്രത്തിന് അത്യധികം സംഭാവന ചെയ്ത ആളാണ് കാൾ മാർക്സ്. സമൂഹപരിണാമസിദ്ധാന്തം ആദ്യകാലം മുതൽക്കുതന്നെ സാമൂഹ്യശാസ്ത്രത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിരുന്നു.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സാമൂഹ്യശാസ്ത്രപഠനത്തിൽ പല മാററങ്ങളും ഉണ്ടായി. ദാരിദ്ര്യം, അക്രമവാസന, സാമൂഹ്യ-അപകൃത്യങ്ങൾ ഇവ ഉണ്ടാകുന്നതിൻെറ പശ്ചാത്തലത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടന്നു. സമൂഹത്തെ ഘടനാപരമായി വിഭജിച്ച് കുടുംബം, സംഘടന, വ്യവസായസംഘടന എന്നിങ്ങനെയുള്ള വ്യത്യസ്ത സമൂഹഘടകങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തി. ഇങ്ങനെ വിശ്ലേഷണപരമായ പഠനങ്ങളും പുരോഗമിച്ചു. സോഷ്യലിസ്ററ് രാജ്യങ്ങളിൽ എല്ലാററിലും സാമൂഹ്യശാസ്ത്രപഠനത്തിനു വ്യക്തമായ അംഗീകാരം ലഭിച്ചു.

ആധുനിക ശാസ്ത്രത്തിൻെറ വളർച്ച സാമൂഹ്യശാസ്ത്രങ്ങളുടെ വളർച്ചയ്ക്കു വളരെ സഹായകരമായി. പുതിയ കണ്ടുപിടിത്തങ്ങൾ സാമൂഹ്യവിശകലനങ്ങളെ ക്ഷിപ്രസാധ്യങ്ങളാക്കിത്തീർത്തു. സാമൂഹ്യശാസ്ത്രം പഠിച്ചവരുടെ സേവനം വിദ്യാലയങ്ങളിൽ മാത്രമല്ല വ്യവസായം, ഭരണം, വൈദ്യം എന്നിങ്ങനെ ജനങ്ങൾ കൂടിച്ചേരുന്നിടത്തൊക്കെ ആവശ്യമായിത്തീർന്നു.

സമൂഹ്യശാസ്ത്രത്തിൻെറ വ്യാപ്തി എത്രത്തോളമുണ്ടെന്നു നിർണയിക്കുക പ്രയാസമാണ്. മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാററിനെയും കുറിച്ചുള്ള പഠനമാണതെന്നും അതല്ല, വ്യക്തമായ അതിർവരമ്പുകൾക്കുള്ളിൽമാത്രം പ്രസക്തിയുള്ള ഒരു ശാസ്ത്രമാണതെന്നും വ്യത്യസ്താഭിപ്രായങ്ങൾ നിലവിലുണ്ട്. സാമൂഹ്യമനശ്ശാസ്ത്രം സാമൂഹ്യശാസ്ത്രമായിത്തീരുന്നതും ധനശാസ്ത്രസിദ്ധാന്തങ്ങൾ സാമൂഹ്യശാസ്ത്രമായിത്തീരുന്നതും എപ്പോഴെന്നു കൃത്യമായി പറയുക വയ്യ എന്നാണ് കാൾ ബെർട്ടൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഏതായാലും മനുഷ്യൻെറ സമൂഹജീവിതമാകെ സാമൂഹ്യശാസ്ത്രങ്ങൾക്കു വിഷയീഭവിക്കുന്നു എന്നതിൽ തർക്കമില്ല.

സാമൂഹ്യശാസ്ത്രത്തിൻെറ വ്യാപ്തിയെക്കുറിച്ചു പ്രധാനമായും രണ്ടു വാദഗതികളാണു നിലവിലുള്ളത്. സാമൂഹ്യശാസ്ത്രം ശുദ്ധവും സ്വതന്ത്രവുമാണെന്നാണ് പ്രസിദ്ധ ജർമൻ സാമൂഹ്യശാസ്ത്രജ്ഞനായിരുന്ന സിമ്മൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. മനുഷ്യബന്ധങ്ങളുടെ ചില വ്യവസ്ഥാപിതവശങ്ങളെമാത്രം ഉൾക്കൊള്ളുന്നതാണു സാമൂഹ്യശാസ്ത്രം എന്നാണ് അദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള ശാസ്ത്രകാരൻമാർ അഭിപ്രായപ്പെട്ടത്; ഈ അഭിപ്രായം പിൽക്കാലത്തു തള്ളപ്പെടുകയുണ്ടായി. സാമൂഹ്യപഠനങ്ങളുടെ വ്യാപ്തി വളരെ കൂടുതലാണെന്നും ധനശാസ്ത്രം, നരവംശശാസ്ത്രം, ചരിത്രം ഇവയ്ക്കു പുറമെ അവയതെയെല്ലാം കൂട്ടിയിണക്കുന്ന ഒരു സാമാന്യശാസ്ത്രം ഉണ്ടാകണമെന്നും

അതിന്റെ സ്ഥാനമാണ് സാമൂഹ്യശാസ്ത്രത്തിനുള്ളതെന്നും മറ്റൊരുകൂട്ടം ശാസ്ത്രകാരന്മാർ വാദിച്ചു. സാമൂഹ്യരൂപവിജ്ഞാനീയം, സാമൂഹ്യശാരീരികശാസ്ത്രം, സാമാന്യസാമൂഹ്യശാസ്ത്രം എന്നിങ്ങനെ സാമൂഹ്യശാസ്ത്രത്തെ അവർ വിവിധ ഘടകങ്ങളാക്കിത്തിരിക്കുകയുമുണ്ടായി.

സാമൂഹ്യശാസ്ത്രംകൊണ്ടുള്ള പ്രയോജനങ്ങൾ സമൂഹത്തിനും വ്യക്തിക്കും ലഭിക്കുന്നു. വ്യക്തിക്കും സമൂഹത്തിനും അനുഗുണമായ വിധത്തിൽ സാമൂഹ്യപ്രസ്ഥാനങ്ങളെ രൂപപ്പെടുത്തുവാൻ ഇന്ന് സാമൂഹ്യശാസ്ത്രം അത്യധികം സഹായകമായിട്ടുണ്ട്.

## 8.2 പാഠസംഗ്രഹം

സാമൂഹ്യശാസ്ത്രത്തിന്റെ പ്രമേയത്തെക്കുറിച്ച് പലതരത്തിലുള്ള അഭിപ്രായങ്ങൾ നിലവിലുണ്ട്. സമൂഹത്തിന്റെ ഘടന, സാമൂഹ്യബന്ധങ്ങൾ, അവയുടെ പൊതുസ്വഭാവം എന്നിവയെല്ലാം പഠനവിഷയമായിത്തീരേണ്ടതുണ്ട്. സാമൂഹ്യപരിണാമത്തിന്റെ വിവിധ ഘട്ടങ്ങളും പരിഗണിക്കപ്പെടണം.

സമൂഹത്തിൽ നിലവിലുള്ള വിവിധ സ്ഥാപനങ്ങളെക്കുറിച്ചാണ് സാമൂഹ്യശാസ്ത്രം പഠിക്കുന്നതെന്നാണ് ചിലരുടെ അഭിപ്രായം. മനുഷ്യബന്ധങ്ങളാണ് സാമൂഹ്യശാസ്ത്രത്തിന്റെ പഠനവിഷയം എന്ന് മറ്റൊരഭിപ്രായവും നിലവിലുണ്ട്.

സാമൂഹ്യശാസ്ത്രത്തിന്റെ വളർച്ചയുടെ ചില സുപ്രധാനഘട്ടങ്ങൾ ഇവിടെ പരിഗണനയ്ക്കു വരുന്നു. ഫ്രഞ്ചു ദാർശനികനായ അഗസ്റ്റ് കോംപ്ത് ആണ് സോഷ്യോളജി എന്ന പദം ആദ്യമായി ഉപയോഗിച്ചത്. എന്നാൽ അതിന് മുമ്പുതന്നെ സമൂഹത്തിന്റെ പെരുമാറ്റ രീതികളെക്കുറിച്ചുള്ള പരാമർശങ്ങൾ കാണുന്നുണ്ട്. കാൾ മാർക്സ് സാമൂഹ്യശാസ്ത്രത്തിനു ഗണ്യമായ സംഭാവന നല്കിയ ചിന്തകനാണ്. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഉണ്ടായ വളർച്ച സവിശേഷമായ നിരീക്ഷണത്തിനു വിധേയമായിട്ടുണ്ട്. ആധുനികശാസ്ത്രം സാമൂഹ്യശാസ്ത്രത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തി.

## 8.3 കുറിപ്പുകൾ

| | |
|---|---|
| സങ്കീർണ്ണം | : ലളിതമല്ലാത്തത്. പലതരത്തിലുള്ള കാര്യങ്ങൾ കൂടിച്ചേർന്നത് |
| പ്രചോദനം | : പ്രേരണ |
| പരിണാമം | : മാറ്റം |
| ഉപജ്ഞാതാവ് | : കണ്ടെത്തിയ ആൾ |
| ക്ഷിപ്രസാദ്ധ്യം | : പെട്ടെന്നു സാധിക്കാവുന്നത് |
| വിശ്ലേഷണം | : അപഗ്രഥിക്കൽ, വേർതിരിക്കൽ |

## 8.4 പുരോഗതി സ്വയം പരിശോധിക്കുക-1

1. മൃഗങ്ങളുടെ സംഘത്തിൽനിന്ന് മനുഷ്യസമൂഹത്തെ വ്യത്യസ്തമാക്കുന്നത് എന്ത്?
2. സമൂഹത്തെക്കുറിച്ച് പഠിക്കുമ്പോൾ പരിഗണിക്കേണ്ട കാര്യങ്ങൾ ഏവ?
3. സാമൂഹ്യശാസ്ത്രത്തിന്റെ വിഷയത്തിൽ എന്തെല്ലാം ഉൾപ്പെടുന്നു?
4. സോഷ്യോളജി എന്ന ശാസ്ത്രനാമം ആദ്യമായി ഏതു ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെട്ടു?
5. അഗസ്റ്റ് കോപസ്റ്റിന് മുമ്പ് സാമൂഹ്യശാസ്ത്രസംബന്ധമായ വിഷയങ്ങൾ പ്രതിപാദിച്ച ചിന്തകന്മാരിൽ രണ്ടുപേരെ നിർദ്ദേശിക്കുക.

## 8.5 വിഷയാവതരണം

സമൂഹത്തിലെ ഏറ്റവും ചെറിയ ഘടകമാണ് കുടുംബം. വിവാഹം വഴിയാണ് കുടുംബം നിലനില്ക്കുന്നത്. ഇത് ഒരു സ്ഥാപനമാകുന്നു. ആയതിനാൽ സാമൂഹ്യശാസ്ത്രവിഷയമത്രേ.

## പാഠം 2 കുടുംബം

സമൂഹത്തിന്റെ ഏററവും ചെറിയ ഘടകമാണ് കുടുംബം. കൂട്ടായ ജീവിതം, പരസ്പരസ്നേഹം, സഹായം എന്നിവയിൽ അധിഷ്ഠിതമാണ് കുടുംബം. ഭാര്യയും ഭർത്താവും കുഞ്ഞുങ്ങളും ചേർന്നതാണു സാധാരണകുടുംബം. മററ് ആശ്രിതരും പലപ്പോഴും ഉണ്ടാകാം. സന്താനങ്ങളെ വളർത്തുക എന്ന ധർമനിർവഹണത്തിനു പുറമെ മനുഷ്യരുടെ ഒന്നിച്ചു ജീവിക്കാനുള്ള മാനസികതൃഷ്ണയ്ക്കു തൃപ്തിവരുത്തുവാനും സാധാരണഗതിയിൽ കുടുംബത്തിനു കഴിയുന്നു. കൂട്ടായി ആഹാരം സമ്പാദിക്കുന്നതിനും തയ്യാറാക്കുന്നതിനും കുട്ടികളെ വളർത്തി ഭാവിസമൂഹത്തിൽ ജീവിക്കുന്നതിനു പ്രാപ്തരാകും വിധം വിദ്യകൾ അഭ്യസിപ്പിക്കുന്നതിനുമുള്ള പ്രാഥമികകേന്ദ്രമാണ് കുടുംബം.

വിവാഹം വഴിയാണു കുടുംബം രൂപം കൊള്ളുന്നത്. പുരുഷനും സ്ത്രീയ്ക്കും ദാമ്പത്യബന്ധത്തിൽ ഏർപ്പെടുന്നതിനും ഒരുമിച്ചു താമസിക്കുന്നതിനും സമൂഹം നൽകുന്ന അംഗീകാരമാണ് വിവാഹം. ഒരു പുരുഷന് ഒന്നിൽ കൂടുതൽ ഭാര്യമാരും ഒരു സ്ത്രീയ്ക്ക് ഒന്നിൽ കൂടുതൽ ഭർത്താക്കന്മാരും ആകാമെന്ന് അനുവദിക്കുന്ന സമൂഹങ്ങൾ ഉണ്ടെങ്കിലും ഒരു പുരുഷന് ഒരു ഭാര്യ എന്ന സമ്പ്രദായം കൂടുതൽ സൗകര്യപ്രദമെന്ന് എല്ലാ കാലങ്ങളിലും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്ക് കുടുംബത്തിൽ പ്രധാനസ്ഥാനം അനുവദിച്ചുകൊടുത്തിട്ടുള്ള സമൂഹങ്ങളും പുരുഷന്മാർക്ക് പ്രധാനസ്ഥാനം അനുവദിച്ചു കൊടുത്തിട്ടുള്ള സമൂഹങ്ങളും ഇന്നും നിലവിലുണ്ട്. സ്ത്രീകൾക്കു പ്രധാനസ്ഥാനം കല്പിച്ചുകൊണ്ടുള്ള മരുമക്കത്തായ സമ്പ്രദായമാണ് കേരളത്തിലെ പല സമൂഹങ്ങളിലും അടുത്തകാലം വരെ നിലവിലിരുന്നത്. പുരുഷനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമ്പ്രദായമാണ് മിക്കവാറും സ്ഥലങ്ങളിൽ ഇന്നു നിലവിലുള്ളത്.

കുടുംബാംഗങ്ങളുടെ പരസ്പരബന്ധത്തെ അടിസ്ഥാനമാക്കിയും കുടുംബങ്ങളെ വകതിരിച്ചു പറയാറുണ്ട്. ഭർത്താവ്, ഭാര്യ, പ്രായപൂർത്തിയാകാത്ത മക്കൾ എന്നിവർമാത്രം അടങ്ങുന്ന കുടുംബത്തെ 'മൂലകുടുംബം' എന്നു പറയുന്നു. ഭാര്യാഭർത്താക്കന്മാർക്കു പുറമെ അവരുടെ പ്രായപൂർത്തിയായ കുട്ടികളും ഇവരുടെ ബന്ധുക്കളും ഒരുമിച്ചു താമസിക്കുന്ന സമ്പ്രദായത്തിന് 'കൂട്ടുകുടുംബം' എന്നു പറയുന്നു.

പണ്ടു കുടുംബത്തിന്റെ ചുമതലയിലായിരുന്ന ധർമങ്ങൾ ആഹാരസമ്പാദനം, കുട്ടികളുടെ സാമൂഹ്യവൽക്കരണം, തൊഴിൽ പരിശീലനം എന്നിവയാണ്. ഈ ധർമങ്ങൾ സാധിക്കുന്ന മററു സ്ഥാപനങ്ങൾ ഇന്നു സമൂഹത്തിലുണ്ട്. പണ്ട് പൂർണസമയവും അപഹരിച്ചിരുന്ന ആഹാരസമ്പാദനം എന്ന കർത്തവ്യം ഇന്നു മൂന്നിലൊന്നു സമയത്തേക്കായി ചുരുങ്ങിയിരിക്കുന്നു. തൊഴിൽപരിശീലനച്ചുമതല ഏതാണ്ടു പൂർണമായിത്തന്നെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു കൈമാറിയിരിക്കുകയാണ്. സാമൂഹ്യവൽക്കരണം സിംഹഭാഗവും നടക്കുന്നതു കുടുംബബാഹ്യപരിതഃസ്ഥിതികളിലാണ്. സ്ത്രീയ്ക്കും പുരുഷനും തുല്യപ്രാധാന്യമുള്ള കുടുംബങ്ങളിലേക്കാണു സമൂഹത്തിന്റെ നീക്കം. ഭർത്താവിനെപ്പോലെ ഭാര്യയും ജോലിചെയ്ത് കുടുംബത്തിലേയ്ക്കു വരുമാനമുണ്ടാക്കുന്ന പരിതഃസ്ഥിതി വന്നതോടെ സത്രീകളുടെ വ്യക്തിത്വം കൂടുതൽ അംഗീകരിക്കപ്പെട്ടു. എങ്കിലും സ്ത്രീകളെയും പുരുഷനെയും തുല്യപ്രാധാന്യമുള്ള വ്യക്തികളായി സമൂഹം പൊതുവേ അംഗീകരിക്കാറില്ല. ഈ അംഗീകാരം നേടുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ സ്ത്രീകളും പുരുഷന്മാരും ലോകത്തിൽ നാനാഭാഗങ്ങളിലും നടത്തുന്നുണ്ടെങ്കിലും സോഷ്യലിസ്ററുരാജ്യങ്ങളിൽ മാത്രമാണ് അഭിലഷണീയമായ പുരോഗതി കൈവരുകയും സ്ത്രീകൾക്കു തുല്യപദവി അംഗീകരിച്ചു കിട്ടുകയും ചെയ്തിട്ടുള്ളത്.

വൃദ്ധജനങ്ങളുടെ സംരക്ഷണം, വൈദ്യസഹായം, എന്നിവയും പണ്ട് കുടുംബത്തിന്റെ തന്നെ ധർമ്മങ്ങളായിരുന്നു. വികസിതരാജ്യങ്ങളിൽ ഇന്ന് അവയ്ക്ക് പ്രത്യേക സ്ഥാപനങ്ങൾ ഉണ്ട്. ആശുപത്രികൾ ഉണ്ടെങ്കിലും നമ്മുടെ നാട്ടിൽ ഇന്നും രോഗശുശ്രൂഷയുടെ ചുമതല കുടുംബത്തിനുതന്നെ. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് കുടുംബമല്ലാതെ മററു സംവിധാനങ്ങൾ നമ്മുടെ രാജ്യത്തില്ല. എന്നാൽ, ചില വികസിതസമൂഹങ്ങളിൽ രോഗിശുശ്രൂഷയുടെയും വൃദ്ധജനസംരക്ഷണത്തിന്റെയും ചുമതല സമൂഹം തന്നെ ഏറെറടുക്കുന്നുണ്ട്. ഇങ്ങനെ എല്ലാ വിധത്തിലും കുടുംബത്തിന്റെ പാരമ്പര്യസ്വഭാവത്തിലും ഘടനയിലും കാര്യമായ മാററം വന്നുകൊണ്ടിരിക്കുകയാണ്. ഈ മാററം ഇന്ത്യൻകുടുംബങ്ങളിലും ദൃശ്യമാണ്. രാഷ്ട്രീയസ്വാതന്ത്ര്യം, വോട്ടവകാശം, വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടുംബാസൂത്രണപ്രസ്ഥാനം എന്നിവ ഇന്ത്യൻകുടുംബത്തിന്റെ സ്വഭാവത്തിൽ മാററം വരുവാൻ പ്രേരകമായിട്ടുണ്ട്. എങ്കിലും കുടുംബത്തിന്റെ ആണിക്കല്ലായ സ്ത്രീകളുടെ സുരക്ഷയെ്ക്കതിരായ ആക്രമണവും സ്ത്രീധനത്തെച്ചൊല്ലിയുള്ള കൊലപാതകങ്ങളും ഇവിടെ ദിവസേന നടന്നുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയവും സാമ്പത്തികവുമായി അടിസ്ഥാനപരമായ മാററങ്ങൾ ഉണ്ടായാലേ ഈ നിലയ്ക്ക് അറുതിവരുകയുള്ളൂ.

## 8.6 പാഠസംഗ്രഹം

കുടുംബത്തെക്കുറിച്ചാണ് പാഠഭാഗം ചിന്തിക്കുന്നത്. സമൂഹത്തിൻെറ ഏററവും ചെറിയ ഘടകമാണ് കുടുംബം. ഭാര്യ, ഭർത്താവ്, കുഞ്ഞുങ്ങൾ എന്നിവർ ചേർന്നതാണ് കുടുംബം. വിവാഹം വഴിയാണ് കുടുംബം സ്ഥാപിതമാകുന്നത്. സ്ത്രീകൾക്ക് പ്രാധാന്യം കൊടുക്കുന്ന മരുമക്കത്തായവും പുരുഷന് പ്രാധാന്യം കൊടുക്കുന്ന മക്കത്തായവും ഉണ്ടെങ്കിലും മക്കത്തായ സമ്പ്രദായമാണ് പരിഷ്കൃതസമുദായങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്.

അച്ഛൻ, അമ്മ, മക്കൾ എന്നിവർ ചേർന്നുള്ള കുടുംബസമ്പ്രദായത്തിൽ പിൻതുടർച്ചാവകാശം മക്കൾക്കാണ്. അതാണ് മക്കത്തായ സമ്പ്രദായം. എന്നാൽ അച്ഛനെ കുടുംബാംഗമായി പരിഗണിക്കാതെ, കുടുംബത്തിലെ സ്ത്രീകൾക്കും അവരുടെ ഭർത്താക്കന്മാരിൽ നിന്നു ജനിക്കുന്ന മക്കൾക്കും സ്വത്തവകാശം നൽകുന്നതാണ് മരുമക്കത്തായ കുടുംബരീതി.

മൂലകുടുംബം എന്നിവയുടെ വ്യത്യാസവും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

എന്താണ് കുടുംബത്തിൻെറ ധർമ്മങ്ങൾ, ആധുനികകാലത്ത് ഈ ധർമ്മങ്ങൾ ഏതളവിൽ കുടുംബങ്ങൾ നിറവേററുന്നു: ഈ ധർമ്മങ്ങൾ നിറവേററാൻ കുടുംബത്തിന് പുറമേ ഏതു സ്ഥാപനങ്ങൾ സമൂഹത്തിൽ മുന്നോട്ടു വരുന്നു എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ പ്രബന്ധത്തിൽ ഉദ്യമിച്ചിട്ടുണ്ട്.

കുട്ടികളുടെ സാമൂഹ്യവൽകരണമാണ് ഇവയിൽ മുഖ്യമായ കാര്യം. സമൂഹത്തിൻെറ മദ്ധ്യത്തിൽ അതിനോട് വേണ്ടവണ്ണം ഇണങ്ങിയും സഹകരിച്ചും ചുമതലകൾ നിർവഹിച്ചും എങ്ങനെ ജീവിക്കാം എന്നതാണ് സാമൂഹ്യവൽകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. മററുള്ളവരോട് ധാരാളം ഇടപഴകുന്നതിലൂടെയാണ് ഇത് സാദ്ധ്യമാകുന്നത്. കൂട്ടുകുടുംബത്തിൽ അതിനുള്ള സാദ്ധ്യത കുറവാണ്. അതുകൊണ്ട് കുടുംബ ബാഹ്യപരിത:സ്ഥിതിയിൽ സാമൂഹ്യവൽകരണം നടക്കുന്നത്.

ആധുനികുടുംബം സ്ത്രീകളുടെ സ്ഥാനം ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ട്.

## 8.7 കുറിപ്പുകൾ

1. സിംഹഭാഗം — ഭൂരിഭാഗം
2. അഭിലഷണീയം — അഭിലഷിക്കത്തക്കത്.
3. ആണിക്കല്ല് — ബലകേന്ദ്രം.

### പുരോഗതി സ്വയം പരിശോധിക്കുക. 2

1. കുടുംബം നിറവേററുന്ന ധർമ്മങ്ങൾ ഏതെല്ലാം?
2. മക്കത്തായവും മരുമക്കത്തായവും തമ്മിലുള്ള വ്യത്യാസമെന്ത്?
3. മൂലകുടുംബം കൂട്ടുകുടുംബം എന്നിവ തമ്മിലുള്ള വ്യത്യാസം എഴുതുക.

## 8.8 വിഷയാവതരണം

മൂല്യങ്ങൾ നിലനിർത്തുന്നത് സാമൂഹ്യനിയന്ത്രണങ്ങളിലൂടെയാണ്. വിദ്യാഭ്യാസത്തിലൂടെയാണ് സാമൂഹ്യനിയന്ത്രണം നിലനിർത്താൻ സാധിക്കുന്നത്. സാമൂഹ്യനിയന്ത്രണമെന്താണെന്ന് നമുക്ക് വിശദമായി പഠിക്കാം.

### പാഠം 2 സാമൂഹ്യനിയന്ത്രണം

സാമൂഹ്യമൂല്യങ്ങളും പെരുമാററച്ചട്ടങ്ങളും സമൂഹത്തിലെ വ്യക്തികളെ പഠിപ്പിക്കുകയും അവ അനുസരിച്ച് ജീവിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സാമൂഹ്യനിയന്ത്രണം. നാട്ടാചാരം, പൊതുജനാഭിപ്രായം, മതം, സദാചാരം, നിയമം, വിദ്യാഭ്യാസം എന്നിവയിൽ കൂടിയാണ് സാമൂഹ്യനിയന്ത്രണം സാധിക്കുന്നത്. കുടുംബം, വിദ്യാലയം, രാഷ്ട്രീയസ്ഥാപനങ്ങൾ, സാമ്പത്തികസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവയിലൂടെയാണ് സാമൂഹ്യനിയന്ത്രണം പ്രാവർത്തികമാകുന്നത്. വ്യക്തികളുടെ പരസ്പരപ്പെരുമാററത്തിലൂടെ എല്ലാവരും നാട്ടുനടപ്പ് മനസ്സിലാക്കുന്നു. അതിനോട് അടുത്ത് ബന്ധപ്പെട്ടതാണ് പൊതുജനാഭിപ്രായം നാട്ടുനടപ്പിന് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചാൽ അവർക്കെതിരായി

പൊതുജനാഭിപ്രായം ഉണ്ടാകും. അത് അവഗണിക്കാൻ കഴിയുകയുമില്ല എന്നതാണ്, സാമൂഹ്യനിയന്ത്രണത്തിൽ പൊതുജനാഭിപ്രായത്തിനും പൊതുജനാഭിപ്രായരൂപീകരണമാധ്യമങ്ങൾക്കും വളരെയേറെ പ്രാധാന്യം വരുവാൻ കാരണം. ആധുനിക സമൂഹത്തിൽ വ്യക്തികളുടെ പെരുമാററങ്ങൾക്കുള്ള പ്രാധാന്യം അവഗണനീയമാണ്. സമൂഹത്തിൻെറ വ്യാപ്തിയും സങ്കീർണതയും വ്യക്തിബന്ധങ്ങൾ പുലർത്തുവാൻ പര്യാപ്തമല്ല. ഔപചാരികബന്ധങ്ങളാണ് വികസിത സമൂഹത്തിലുള്ളത്. വ്യക്തിബന്ധങ്ങൾ കരാറുകളുടെ അടിസ്ഥാനത്തിലാണ് നിലവിൽ വരുന്നത്. കരാറുകളുടെ പരിപാലനത്തിന് നിയമങ്ങൾ ഉണ്ട്. ഇവ ലംഘിക്കുമ്പോൾ അവികസിത സമൂഹത്തിലേതുപോലെ ജനരോഷത്തെ നേരിടുകയല്ല ഇപ്പോൾ ചെയ്യേണ്ടിവരുന്നത്. കോടതികൾ മുഖാന്തരം ശിക്ഷകൾ നടപ്പിലിക്കുകയാണ് പരിഷ്കൃതസമൂഹങ്ങളിലെ പഴക്കം. എന്നാൽ, പ്രധാനപ്പെട്ട സാമൂഹ്യപ്രശ്നങ്ങളെ സംബന്ധിച്ചും മററും പൊതുജനാഭിപ്രായത്തിൻെറ പ്രസക്തി ഇപ്പോഴും വർധിച്ച അളവിൽത്തന്നെ നിലവിലുണ്ട്. വർത്തമാനപ്പത്രങ്ങളും, റേഡിയോ, ടെലിവിഷൻ മുതലായ പൊതുസമ്പർക്കമാധ്യമങ്ങൾക്ക് പൊതുജനാഭിപ്രായ രൂപീകരണത്തിൽ ഇപ്പോൾ വലിയ പങ്കാണുള്ളത്.

സാമൂഹ്യനിയന്ത്രണം ഏററവും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. ദൈനംദിനജീവിതത്തിനാവശ്യമായ അറിവും ജീവിക്കുന്നതിനാവശ്യമായ തൊഴിലും പഠിപ്പിച്ച് വ്യക്തിയെ സ്വയംപര്യാപ്തനാക്കിത്തീർക്കുകയാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. സമൂഹത്തിലെ പ്രശ്നങ്ങളും ആവശ്യങ്ങളും ഏറിവന്നപ്പോൾ വിദ്യാഭ്യാസത്തിലും വികാസവും വ്യാപ്തിയും ഉണ്ടാക്കേണ്ടിവന്നു. നിലവിലുള്ള മൂല്യങ്ങളെയും സാമൂഹ്യവ്യവസ്ഥിതിയെയും അതുപോലെ നിർത്താൻ പാകത്തിലാണ് വിദ്യാലയങ്ങളെ ഭരണകർത്താക്കൾ സംവിധാനം ചെയ്യുന്നത്. എന്നാൽ, അദ്ധ്യാപകർ സംഘടിതരായി പരിശ്രമിച്ചാൽ വിദ്യാലയങ്ങളെ, സമൂഹത്തിനാവശ്യമായ മാററങ്ങൾ വരുത്താൻ കഴിവുള്ള സ്ഥാപനങ്ങളാക്കിത്തീർക്കാൻ കഴിയും.

എല്ലാ സമൂഹങ്ങളിലും പരസരപരവിരുദ്ധമായ താല്പര്യങ്ങൾ തമ്മിൽ നിരന്തരമായ സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ സംഘട്ടനം സമൂഹത്തിന് മൊത്തത്തിൽ ഹാനി സംഭവിക്കുന്ന തരത്തിൽ ആയിത്തീരരുത്. ബഹുഭൂരിപക്ഷത്തിനും നന്മ വരുത്തുന്ന തരത്തിൽ അതിൻെറ ദിശ തിരിച്ചുവിട്ട് നിയന്ത്രിക്കുകയാണ് വേണ്ടത്. ഇതിനുള്ള സജ്ജീകരണങ്ങളും സ്ഥാപനങ്ങളും സമൂഹത്തിലുണ്ട്. നിയമസഭയും കോടതിയും ഒക്കെ ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ളവയാണെങ്കിലും പലപ്പോഴും അവയ്ക്കുപോലും സ്വതന്ത്രമായ പ്രവർത്തനത്തിന് കഴിയാതെപോകുന്നുണ്ട്. ആസൂത്രിതമായ സാമൂഹ്യപരിവർത്തനംകൊണ്ടേ ജനങ്ങളുടെ തൊഴിൽശേഷിയും രാജ്യത്തിൻെറ വിഭവശേഷിയും സഫലമായി ഉപയോഗപ്പെടുത്തി മെച്ചപ്പെട്ടതും ഭദ്രതയുള്ളതുമായ സമൂഹജീവിതം കെട്ടിപ്പടുക്കാനാവൂ.

## 8.9 പാഠസംഗ്രഹം

സമൂഹം അനേകം വ്യക്തികൾ ചേർന്ന് ഉണ്ടാകുന്നതാണ്. ഈ വ്യക്തികൾക്ക് അവരവരുടേതായ താല്പര്യങ്ങളും സ്വഭാവങ്ങളും ഉണ്ടായിരിക്കും. ഇങ്ങനെ കാണപ്പെടുന്ന ഭിന്ന താല്പര്യങ്ങളും സ്വഭാവങ്ങളും സമൂഹത്തിൻെറ ആകെക്കൂടിയുള്ള ഭദ്രതയ്ക്ക് വിഘാതമാകാതിരിക്കാൻ സ്വീകരിക്കുന്ന പ്രക്രിയയെ സാമൂഹ്യനിയന്ത്രണം എന്ന് പറയുന്നു.

സാമൂഹ്യ നിയന്ത്രണം സാധിക്കാൻ അനവധി മാർഗ്ഗങ്ങളുണ്ട്. അവ ഒററയ്ക്കൊററയ്ക്കല്ല. പൊതുജനാഭിപ്രായം, മതം, സദാചാരം, നിയമം, വിദ്യാഭ്യാസം എന്നിവയാണ് പ്രധാന സാമൂഹ്യനിയന്ത്രണമാർഗ്ഗങ്ങൾ. ഇവയുടെ പ്രവർത്തന രീതി ഇവിടെ വിവരിച്ചിരിക്കുന്നു.

വ്യത്യസ്ത താൽപ്പര്യങ്ങളുടെ സംഘട്ടന രംഗമായി സമൂഹം മാറുക സ്വാഭാവികമാണ്. ഈ സംഘട്ടനം സമൂഹത്തിൻെറ വളർച്ചയ്ക്കും ഒരു വിധത്തിൽ ഉതകുന്നു. എന്നാൽ സമൂഹത്തിന് ഹാനികരമായും ഭവിക്കാൻ അത് ഒഴിവാക്കുക സമൂഹത്തിൻെറ നിലനിൽപ്പിന്ന് ആവശ്യമാണ്. സാമൂഹ്യ നിയന്ത്രണങ്ങളുടെ ലക്ഷ്യം അതാണ്.

### പുരോഗതി സ്വയം പരിശോധിക്കുക-3

1. സാമൂഹ്യനിയന്ത്രണമെന്നാൽ എന്ത്?
2. സാമൂഹ്യനിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങൾ ഏവ?

## 8.10 വിഷയാവതരണം

സാമ്പത്തികസ്ഥാപനങ്ങൾ സമൂഹത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും പ്രധാനപ്പെട്ട പങ്കു വഹിക്കുന്നുണ്ട്. ഇതും ഒരു സാമൂഹ്യശാസ്ത്രവിഷയമാകുന്നു. അതിനെക്കുറിച്ച് വിശദമായി പഠിക്കാൻ ഉതകുന്ന പാഠഭാഗം താഴെ ചേർക്കുന്നു.

### പാഠം-4 സാമ്പത്തിക സ്ഥാപനങ്ങൾ

സമൂഹത്തിലെ സുപ്രധാനഘടകങ്ങളാണ് സാമ്പത്തികസ്ഥാപനങ്ങൾ. പരിത:സ്ഥിതിക്കനുസരണമായി സമൂഹജീവിതത്തെ മുന്നോട്ടു കൊണ്ടുപോകാൻ വ്യക്തികളെ സാമ്പത്തികസ്ഥാപനങ്ങൾ സഹായിക്കുന്നു. ആഹാരസമ്പാദനരീതിയനുസരിച്ച് ഓരോസമൂഹത്തിന്റെ ഘടനയിലും വ്യത്യാസം ഉണ്ടാകും. ആദിമ മനുഷ്യൻ വേട്ടയാടിയും കായ്കനികൾ ഭക്ഷിച്ചും ജീവിച്ചിരുന്നപ്പോൾപ്പോലും ആഹാരസാധനങ്ങൾ കൈമാറിയിരുന്നിരിക്കണം. അന്ന് ആഹാരസാധനങ്ങൾ ഉൽപ്പാദിപ്പിക്കുക, ഉപയോഗിക്കുക എന്നു രണ്ട് ക്രിയകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പലപ്പോഴും ഉത്പാദകൻ തന്നെയായിരുന്നു ഉപഭോക്താവും. പിൽക്കാലത്തു കൃഷി വ്യാപകമായപ്പോൾ ഭക്ഷ്യധാന്യങ്ങൾ, പകരം ചരക്കുകൾ വാങ്ങി, കൈമാറുക അത്യാവശ്യമായി വന്നു.സമൂഹം വളർന്നുവലുതായപ്പോൾ ഉൽപ്പാദനത്തിന് പുറമെ വിതരണം എന്ന ക്രിയകൂടി സാധാരണമായിത്തീർന്നു. വിദൂരസ്ഥലങ്ങളിലെ സമൂഹങ്ങളുമായുള്ള കൊള്ളക്കൊടുക്കകൾ ഉൽപ്പന്നകൈമാററരീതിയിൽ നടത്തുക പ്രയാസമായിരുന്നു. ഇടപെടുന്ന രണ്ട് കക്ഷികൾക്കും സമ്മതമായതും കൊണ്ടുനടക്കുവാൻ പ്രയാസമില്ലാത്തതുമായ മൂന്നാമതൊരു വസ്തു-പണം-ഉണ്ടായത് അങ്ങനെയാണ്.ആദ്യകാലത്ത് സ്വർണം, വെള്ളി എന്നിങ്ങനെയുള്ള ലോഹങ്ങൾകൊണ്ടുള്ള നാണയങ്ങളാണ് ഇതിന് ഉപയോഗിച്ചിരുന്നത്. അതിനെത്തുടർന്ന് സമ്പത്ത് കൈകാര്യം ചെയ്യുന്നതിനുള്ള സ്ഥാപനങ്ങൾ നിലവിൽ വന്നു. കാർഷികോൽപ്പന്നങ്ങളും ഉപകരണങ്ങളും അത്യാവശ്യസാധനങ്ങളും നാണയത്തിന്റെ അടിസ്ഥാനത്തിൽ കൈമാറുന്ന രീതികൾക്ക് കാര്യമായ വ്യത്യാസമുണ്ടായത് വ്യവസായ വിപ്ളവത്തിനു ശേഷമാണ്. യൂറോപ്പിൽ മാത്രമല്ല, ലോകത്തിന്റെ നാനാഭാഗത്തും രാഷ്ട്രീയസാമൂഹ്യസാമ്പത്തികമണ്ഡലങ്ങളിൽ വമ്പിച്ച മാററമാണ് വ്യവസായവിപ്ളവം വരുത്തിവെച്ചത്. സ്വതന്ത്രരായ ഉത്പാദകർക്കു പകരം മുതലാളിമാരും തൊഴിലാളികളും ഉണ്ടായി. ഫാക്ടറികളിലൂടെ വൻതോതിലുള്ള വ്യാവസായികോത്പാദനം ആരംഭിച്ചു. പുതിയ ശാസ്ത്രീയകണ്ടുപിടിത്തങ്ങൾ ഈ ക്രിയയ്ക്ക് ആക്കംകൂട്ടി. മുതലാളിവർഗം സംഘടിതബലമില്ലാതിരുന്ന തൊഴിലാളിവർഗ്ഗത്തെ കഠിനമായി ചൂഷണംചെയ്ത് സമ്പത്ത് കുന്നുകൂട്ടി, ദാരിദ്ര്യവും സമൃദ്ധിയും തോളോടുതോൾ ചേർന്ന് വളർന്നുവന്നു. പിന്നീട് ദാരിദ്ര്യം ഭൂരിപക്ഷത്തിനും, സമൃദ്ധി ന്യൂനപക്ഷത്തിനുമായി.

വ്യക്തിസ്വാതന്ത്ര്യത്തിന് പൂർണസംരക്ഷണം നൽകണം എന്ന സിദ്ധാന്തത്തിൽ അധിഷ്ഠിതമാണ് മുതലാളിത്തവ്യവസ്ഥിതി. ധനശാസ്ത്രജ്ഞനായ ആഡംസ്മിത്ത് വിഭാവനംചെയ്ത മുതലാളിത്തവ്യവസ്ഥിതിയിൽ മുതലുടമകൾക്കാണ് സർവാധികാരം. വ്യവസായവിപ്ളവത്തിന്ശേഷം ബ്രിട്ടൻ, അമേരിക്ക, പശ്ചിമജർമനി, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ മുതലാളിത്തവ്യവസ്ഥകൾ നിലവിൽ വന്നു. ഓരോ വ്യക്തിക്കും സ്വന്തം ഇഷ്ടംപോലെ ചരക്കുകൾ, ഭൂമി, യന്ത്രോപകരണങ്ങൾ, ഫാക്ടറികൾ എന്നിവ കൈവശം വയ്ക്കുവാനും ഉപയോഗിക്കുവാനും മുതലാളിത്തവ്യവസ്ഥിതിയിൽ സ്വാതന്ത്ര്യമുണ്ട്. മുതലാളിമാർക്കേ ഇതിനുള്ള പശ്ചാത്തലസൗകര്യങ്ങൾ ലഭിക്കൂ എന്ന കാര്യം വേറെ. നഷ്ടം പൂർണമായി ഒഴിവാക്കി ലാഭം പതിന്മടങ്ങ് വർദ്ധിപ്പിക്കുക എന്നതാണ് ഓരോ മുതലാളിയുടെയും ലക്ഷ്യം.

ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തോടെ ലോകത്താകെ സാമ്പത്തികമാന്ദ്യം അനുഭവപ്പെട്ടു. ജനങ്ങൾക്ക് മുതലാളിത്തവ്യവസ്ഥിതിയിലുള്ള വിശ്വാസം കുറഞ്ഞുവന്നു. അടിച്ചമർത്തപ്പെട്ട തൊഴിലാളികളും സുഖസമൃദ്ധിയനുഭവിക്കുന്ന മുതലാളിയും തമ്മിലുള്ള വൈരുദ്ധ്യം അതിന്റെ മൂർധന്യത്തിൽ എത്തുമ്പോൾ മുതലാളിത്തവ്യവസ്ഥിതി തകരുകയും സോഷ്യലിസവും തുടർന്ന് കമ്യൂണിസവും സംസ്ഥാപിതമാകുകയും ചെയ്യുമെന്ന് കാൾമാർക്സ് പറഞ്ഞു. വ്യക്തിസ്വാതന്ത്ര്യത്തെ സമൂഹചൂഷണമാവാനനുവദിക്കാതെ ബുദ്ധിപൂർവം സർക്കാർ ഇടപെടുക എന്നതാണ് സോഷ്യലിസത്തിന്റെ കാതലായ ഭാഗം. വ്യക്തികളിൽനിന്ന് വിഭവങ്ങളും ആസ്തികളും ഏതവസരത്തിലും സർക്കാരിന് ഏറെറടുക്കാം. ലാഭേച്ഛ കളഞ്ഞ് ഉപയോഗത്തിനുവേണ്ടി മാത്രമായി ബാങ്കുകൾ, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം തുടങ്ങിയ രംഗങ്ങൾ ഏറെറടുത്ത്

പ്രവർത്തിപ്പിക്കുവാനും കുന്നുകൂട്ടിയ സമ്പത്ത് നികുതിയിനങ്ങളിൽകൂടി സമാഹരിച്ച് പുനർവിതരണം ചെയ്യുവാനും സർക്കാരിന് സോഷ്യലിസ്ററ് വ്യവസ്ഥിതിയിൽ കഴിയും.

എല്ലാ സമൂഹങ്ങളിലും ഉൽപാദനമേഖലയിൽ ഏതെങ്കിലും വിധത്തിലുള്ള തൊഴിൽവിഭജനം ഉണ്ടായിരിക്കും. പ്രാഗത്ഭ്യങ്ങളിൽ വ്യക്തികൾ തമ്മിലുള്ള വ്യത്യാസമാണ് ഇതിന് കാരണം. മാത്രമല്ല, സമൂഹം സങ്കീർണമാകുന്തോറും അതിലെ തൊഴിലുകൾക്ക് വൈവിദ്ധ്യവും വൈദഗ്ദ്ധ്യവും ആവശ്യമായിത്തീരും. എല്ലാവിധ പ്രവൃത്തികളും ഒരേ ആൾക്കാർക്കുതന്നെ ചെയ്യാൻ കഴിയാതെ വരും. അതാണ് തൊഴിൽ വിഭജനത്തിലേക്ക് നയിക്കുന്നത്. തൊഴിൽ വിഭജനം സമൂഹത്തിൻെറ പുരോഗതിയെയാണ് കുറിക്കുന്നത്. തൊഴിലിൻെറ അടിസ്ഥാനത്തിൽ വ്യക്തികൾക്ക് സമൂഹത്തിൽ മാന്യത കൈവന്നത് തൊഴിൽവിഭജനത്തെത്തുടർന്നാണ്. ഡോക്ടർമാർക്കും, എൻജിനീയർമാർക്കും, ക്ളാർക്കുമാരേക്കാൾ മാന്യത നമ്മുടെ സമൂഹം കൽപ്പിക്കുന്നുണ്ടല്ലോ. ജോലിക്കാവശ്യമായ വിദ്യാഭ്യാസം, വൈദഗ്ദ്ധ്യം, ചുമതല എന്നിങ്ങനെ വിവിധ കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് സമൂഹം തൊഴിലുകൾക്ക് ആപേക്ഷിക മാന്യത കൽപ്പിക്കുന്നത്. ഓരോ സമൂഹവും ഓരോ പ്രത്യേകതരം ധർമങ്ങൾക്ക് പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ആദ്ധ്യാത്മികമായി ഉയർന്ന ഒരു സമൂഹത്തിൽ ഡോക്ടർക്കും എൻജിനീയർക്കും ഉള്ളതിനെക്കാൾ പ്രാധാന്യം ഒരു ആദ്ധ്യാത്മികഗുരുവിനുണ്ടാകും. ഭൗതികജീവിതത്തിന് പ്രാധാന്യം നൽകുന്ന സമൂഹത്തിൽ സമൃദ്ധിയും സമ്പത്തും ഉള്ളവർക്കായിരിക്കും പ്രാമാണ്യം. ബുദ്ധിശക്തിയും വിദ്യാഭ്യാസവും കൂടുതൽ വേണ്ട തൊഴിലുകൾക്ക് കൂടുതൽ മാന്യത സമൂഹം കൽപ്പിക്കുന്നതായാണ് കണ്ടുവരുന്നത്. തൊഴിൽ വിഭജനംകൊണ്ട് ഉൽപാദനം കൂട്ടുവാൻ കഴിയുമെങ്കിലും അത് തൊഴിലാളികളിൽ പല പ്രശ്നങ്ങളും സൃഷ്ടിക്കും. കാരണം ഉൽപ്പാദനത്തിൽ അവർക്ക് പൂർണമായ പങ്കാളിത്തമില്ല. ഉൽപാദനക്രിയയുടെ ചെറിയ ഒരംശം മാത്രമേ ഓരോ തൊഴിലാളിയും ചെയ്യേണ്ടി വരുന്നുള്ളു. ഈ ചെറിയ ഭാഗത്തിന് കാര്യമായ വൈദഗ്ദ്ധ്യം ആവശ്യമുണ്ടായിരിക്കുകയുമില്ല. ദിവസേന ഒരേ പ്രവൃത്തിതന്നെ ആവർത്തിച്ച് ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന മടുപ്പ് തൊഴിലാളികളുടെ മനസ്സിനെ മരവിപ്പിക്കുന്നു. ഉൽപ്പാദനത്തിൽ തങ്ങൾ വഹിക്കുന്ന പങ്ക് നിസ്സാരമാണെന്ന തെററിദ്ധാരണ അത് തൊഴിലാളികളിൽ ഉണ്ടാകുന്നു. തൊഴിലാളി സ്വന്തം ബലം വിസ്മരിക്കുന്നു.

ഇന്ന് നിലവിലുള്ള സമൂഹങ്ങളെ വ്യവസായപ്രധാനങ്ങളായ വികസിത സമൂഹങ്ങളെന്നും കൃഷിപ്രധാനങ്ങളായ അവികസിത സമൂഹങ്ങളെന്നും രണ്ടായി തിരിക്കാം. സാമ്പത്തികമണ്ഡലത്തിൽ തീരുമാനമെടുക്കാനുള്ള അധികാരത്തിൻെറ കേന്ദ്രീകരണമാണ് വ്യവസായപ്രധാനമായ സമൂഹത്തിൻെറ പ്രത്യേകത. മുതലാളിത്തരാജ്യങ്ങളിലായാലും സോഷ്യലിസ്ററ് രാജ്യങ്ങളിലായാലും ഇത്തരത്തിലുള്ള അധികാരകേന്ദ്രീകരണമുണ്ട്. സോഷ്യലിസ്ററ് രാജ്യങ്ങളിൽ അത് സമൂഹത്തിൻെറ പൊതുനന്മയെ ലക്ഷ്യമാക്കി ഉപയോഗിക്കുവാനുള്ള അവസരം നൽകുന്നു എന്നുമാത്രം. അടിസ്ഥാനവ്യവസായങ്ങൾ ദേശസാൽക്കരിച്ച രാജ്യങ്ങളിൽ സ്വകാര്യ മാനേജ്മെൻറിനെക്കാൾ ഒട്ടും മെച്ചമല്ലാത്ത തരത്തിലുള്ള ബ്യൂറോക്രസിയിൽ അധികാരം കേന്ദ്രീകരിക്കപ്പെട്ടുപോയിട്ടുമുണ്ട്.

വ്യവസായപ്രസ്ഥാനങ്ങളുടെയും വ്യവസായബന്ധങ്ങളുടെയും വളർച്ചയോടെ സാമൂഹ്യശാസ്ത്രത്തിൽ 'വ്യവസായ സാമൂഹ്യശാസ്ത്രം' എന്ന ഒരു ശാഖതന്നെ രൂപംകൊണ്ടു. വ്യവസായത്തിലെ മാനേജ്മെൻറും, തൊഴിലാളികളും, ഇവരുടെ സംഘടനകളും തമ്മിലുള്ള ബന്ധങ്ങളേക്കുറിച്ചാണ് ഇതിൽ പഠിക്കുന്നത്. കൂലിസമ്പ്രദായങ്ങൾ എല്ലാ അവസരത്തിലും തൊഴിൽസമരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് സമരങ്ങളുടെ സാമ്പത്തികപ്രാധാന്യത്തെക്കുറിച്ചും ഈ വിഷയത്തിൽ പഠിക്കേണ്ടതുണ്ട്.

സമൂഹത്തിലെ വ്യക്തികൾ തമ്മിലുള്ള കിടമത്സരം ഒഴിവാക്കി സഹകരണാധിഷ്ഠിതവും സന്തുലിതവുമായ പുരോഗതി കൈവരിക്കുന്നതിനായി പല സ്ഥാപനങ്ങൾ മനുഷ്യർ പടുത്തുയർത്തിയിട്ടുണ്ട്.ഇവയിൽ ഒരു ഇനം മാത്രമാണ് സാമ്പത്തികസ്ഥാപനങ്ങൾ.

## 8.11 പാഠസംഗ്രഹം

സമൂഹത്തിലെ ഏററവും പ്രബലമായ സ്ഥാപനമാണ് സാമ്പത്തികസ്ഥാപനങ്ങൾ. ഉല്പാദനം, വിതരണം, ഉപഭോഗം എന്നീ കാര്യങ്ങളുടെ നിയന്ത്രണവും സംവിധാനവുമാണ് സാമ്പത്തിക സ്ഥാപനങ്ങളുടെ ധർമ്മങ്ങൾ. ഈ

സംവിധാനങ്ങളിൽ വരുന്ന വ്യത്യാസമനുസരിച്ച് സമൂഹത്തിന്റെ സ്വഭാവത്തിലും മാററം വരും. ഉപഭോക്താക്കൾ തങ്ങൾക്ക് ആവശ്യമുള്ള വസ്തുക്കൾ ഉൽപ്പാദിപ്പിച്ചും മിച്ചംവരുന്നവ പരസ്പരം കൈമാറിയും ജീവിച്ചിരുന്ന കാലത്തെ സമൂഹ്യബന്ധമല്ല വൻകിട ഉൽപ്പാദന സമ്പ്രദായങ്ങൾ നിലവിലിരിക്കുന്ന ആധുനിക സമുദായത്തിലെ സാമൂഹ്യബന്ധങ്ങൾ, കാർഷിക വൃത്തി മുഖ്യ സാമ്പത്തിക പ്രവർത്തനമായിരുന്ന കാലവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. പഴയകാലത്തെ ഗ്രാമജീവിതത്തിന്റെ സ്ഥാനത്ത് മഹാനഗരങ്ങൾ പ്രത്യക്ഷപ്പെട്ടു. നഗരവൽക്കരണം മനുഷ്യബന്ധങ്ങളിൽ മാററം ഉണ്ടാക്കിയിട്ടുണ്ട്.

മുതലാളിത്ത വ്യവസ്ഥിതിയിൽ വ്യക്തിസ്വാതന്ത്ര്യത്തിനു പരിമിതികൾ ഇല്ലാത്തതുകൊണ്ട് മനുഷ്യരെ ചൂഷണം ചെയ്ത് സമ്പത്തു വർദ്ധിപ്പിക്കാനും സാമ്പത്തികശക്തി ജീവിതത്തിന്റെ ഇതര മണ്ഡലങ്ങളിൽ പ്രയോഗിച്ച് എല്ലാററിനെയും നിയന്ത്രിക്കാനും കാരണമായി. എന്നാൽ സോഷ്യലിസത്തിൽ ഈ ചൂഷണം അനുവദനീയമല്ല. അതുകൊണ്ട് സമ്പത്തു കുന്നുകൂടുകയോ അമിതമായ സമ്പത്ത് രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളെ നിയന്ത്രിക്കുകയോ ചെയ്യുന്നില്ല.

ഉൽപ്പാദനത്തിന്റെ മേഖലയിൽ ഒഴിച്ചുകൂടാൻ വയ്യാത്ത തൊഴിൽ വിഭജനം സാമൂഹ്യബന്ധങ്ങളെ സ്വാധീനിക്കുന്നുണ്ട്. സമൂഹത്തിന്റെ സ്വഭാവമനുസരിച്ച് തൊഴിലിന്റെ മാന്യതക്കും വ്യത്യാസം വരും. ധനസമ്പാദനമാണ് ഒരു സമൂഹത്തിന്റെ മുഖ്യപരിഗണനയെങ്കിൽ കൂടുതൽ ധനം ലഭിക്കാൻ സാദ്ധ്യതയുള്ള തൊഴിലിന് കൂടുതൽ മാന്യത കൽപ്പിക്കപ്പെടും.

തൊഴിൽ വിഭജനം തൊഴിലാളികളിലും പലതരം പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇന്നു നിലവിലുള്ള സമൂഹങ്ങളെ പ്രബന്ധകാരൻ രണ്ടായി തിരിച്ചിരിക്കുന്നു.

1. വ്യവസായപ്രധാനമായ വികസിത സമൂഹം.
2. കൃഷിപ്രധാനമായ അവികസിത സമൂഹം.

വ്യവസായത്തിന്റെ വളർച്ചയോടെ ഉയർന്നു വന്ന സവിശേഷ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ശാസ്ത്രമാണ് വ്യവസായ സമൂഹശാസ്ത്രം. (Industrial Sociology)

## 8.12 കുറിപ്പ്

| | | |
|---|---|---|
| 1. ബ്യൂറോക്രസി | = | ഉദ്യോഗസ്ഥന്മാരുടെ ഭരണം തത്വത്തിൽ അധികാരം ഉദ്യോഗസ്ഥൻമാരിലല്ല സ്ഥിതിചെയ്യുന്നതെങ്കിലും ഫലത്തിൽ ഉദ്യോഗസ്ഥൻമാർ ഭരണാധികാരം കയ്യാളുന്ന രീതി എവിടെയും കാണും. |
| 2. പതിൻമടങ്ങ് | = | പത്തിരട്ടി എന്നാണ് വാക്കിനർത്ഥം.വളരെ മടങ്ങ് എന്ന അർത്ഥത്തിൽ പ്രയോഗിക്കാം. |
| 3. സാമ്പത്തികമാന്ദ്യം | = | സാമ്പത്തിക രംഗത്തുണ്ടായ മന്ദത.സാധനങ്ങൾ വാങ്ങാൻ പണമില്ലാതെ വരുമ്പോൾ ഉൽപ്പാദനം കുറയും.ഉൽപ്പാദനം കുറയുമ്പോൾ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടും. തൊഴിലാളികൾക്കു ജോലി നഷ്ടപ്പെടുമ്പോൾ സമൂഹത്തിന്റെ ക്രയശക്തി വീണ്ടും കുറയും. |
| 4. മൂർദ്ധന്യം | = | ഏററവും ഉയർന്ന സ്ഥാനത്ത്. പരമാവധി |
| 5. വികസിതം | = | വികസിച്ചത് |
| 6. വികസിതം | × | അവികസിതം |
| 7. കൊള്ളക്കൊടുക്കകൾ | = | വാങ്ങുകയും വിൽക്കുകയും: ക്രയവിക്രയം. |

### പുരോഗതി സ്വയം പരിശോധിക്കുക-4

1. സാമ്പത്തിക സ്ഥാപനങ്ങളുടെ ധർമ്മം എന്ത്?
2. കൈമാററത്തിന് പണം ഒരു ആവശ്യഘടകമായതെന്തുകൊണ്ട്?

3. സോഷ്യലിസത്തിന്റെ കാതലായ സിദ്ധാന്തം എന്താണ്?
4. തൊഴിൽ വിഭജനം തൊഴിലാളികളിൽ ഉണ്ടാക്കുന്ന മാനസികാവസ്ഥ എന്താണ്? ഇതെങ്ങനെ സംഭവിക്കുന്നു?

## 8.12 വിഷയാവതരണം

ഒരു പൗരൻ അവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. അവയാണ്:-

രാഷ്ട്രമെന്നാലെന്ത്? രാഷ്ട്രത്തിന്റെ ഘടകങ്ങൾ ഏവ? ഏതെല്ലാമാണ് രാഷ്ട്രീയ സ്ഥാപനങ്ങൾ? ഇവയെക്കുറിച്ചുള്ള അറിവാണ് അവന്റെ ആത്മബോധത്തിന്റെ ആദ്യത്തെ തെളിവ്. രാഷ്ട്രപുരോഗതി ശക്തിയും അധികാരവുമുള്ള വ്യക്തികളേയും സ്ഥാപനങ്ങളേയും ആശ്രയിച്ചിരിക്കുന്നു. എന്താണീ സ്ഥാപനങ്ങൾ എന്ന് നമുക്ക് സാമാന്യമായി പഠിക്കാം.

### പാഠം-5 രാഷ്ട്രീയസ്ഥാപനങ്ങൾ

സമൂഹത്തിന്റെ നന്മയ്ക്കം, സുരക്ഷിതവും ഭദ്രവുമായ പ്രവർത്തനത്തിനും നിയമങ്ങളും നീതിനിർവഹണവും അത്യാവശ്യമാണ്. ഇത്തരം നിയമങ്ങളും മറ്റും ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്ന് നോക്കി നടത്തുന്നതിനുള്ള അധികാരം ചില വ്യക്തികളിലോ സംഘങ്ങളിലോ നിക്ഷിപ്തമായിരിക്കും. ഇങ്ങനെ ഭരണപരമായ ചുമതല നിർവഹിക്കുന്നതിനുള്ള ശക്തിയും അധികാരവും സമൂഹം അവർക്ക് നൽകിയിരിക്കും. സാമൂഹ്യമായി അംഗീകരിക്കപ്പെട്ടതും നിയമ സാദ്ധ്യതയുള്ളതുമായ ശക്തിയാണ് 'അധികാരം'. ഇങ്ങനെ പ്രയോഗിക്കപ്പെടുന്ന അധികാരം സമൂഹത്തിന്റെ ഭദ്രമായ നിലനിൽപ്പിന് അത്യാവശ്യമാണ്.

അധികാരം മൂന്ന് വിധത്തിലുണ്ട്. സ്വന്തം വ്യക്തിത്വത്തിന്റെ അസാധാരണമായ പ്രഭാവംകൊണ്ട് സമൂഹത്തിന്റെശ്രദ്ധ പിടിച്ചുപറ്റുകയും അനുയായികളെ സമ്പാദിക്കുകയും അവരുടെമേൽ അധികാരം നിലനിർത്തുകയും ചെയ്യുന്ന വ്യക്തികളുണ്ട്. ഇവർക്കുള്ളത് വ്യക്തിപ്രഭാവംകൊണ്ട് കൈവന്ന അധികാരമാണ്. അധികാരം പരമ്പരാഗതമായി ലഭിക്കുന്നവരുമുണ്ട്. സ്വന്തമായ വ്യക്തിപ്രഭാവം ഇല്ലെങ്കിൽത്തന്നെയും രാജവാഴ്ചക്കാലത്ത് അധികാരം രാജകുടുംബത്തിലുള്ള മറ്റൊരു അംഗത്തിലേക്ക് മാറുകയായിരുന്നു പതിവ്. ഭരണപരമായ സൗകര്യത്തിനുവേണ്ടി സമൂഹം വ്യക്തികളിൽ നിക്ഷിപ്തമാക്കുന്ന അധികാരമാണ് നിയമപരമായ അധികാരം. പോലീസിനും മറ്റുമുള്ള അധികാരം ഇത്തരത്തിലുള്ളതാണ്.

ഭരണപരമായ മേൽപ്പറഞ്ഞ ചുമതലകൾ നിർവഹിക്കപ്പെടുന്ന പ്രദേശവും സമൂഹവുമാണ്രാഷ്ട്രം. സ്ഥലം മാറി താമസിച്ചുകൊണ്ടിരിക്കുന്ന ആദിവാസികളുടെ ഒരു കൂട്ടത്തെ രാഷ്ട്രമെന്ന് കരുതുക വയ്യ. രാഷ്ട്രത്തെ പരിപാലിക്കുന്നതിനുള്ള സംവിധാനമാണ് സർക്കാർ. സമൂഹത്തിലെ എല്ലാ നിയമങ്ങളും രാഷ്ട്രത്തിന്റെ പരമാധികാരത്തിന് വിധേയമായിട്ടായിരിക്കും ഉണ്ടാക്കുക. പ്രാകൃത സമൂഹങ്ങൾ കുടുംബം, ഗോത്രം, വർഗം എന്നിങ്ങനെ വളർന്നുവന്നവയാണ്. ജനസംഖ്യ വർദ്ധിക്കുകയും പരിത:സ്ഥിതിയിൽ മാറ്റം വരുകയും സമൂഹത്തിന്റെ സ്വഭാവം മാറുകയും ചെയ്തപ്പോൾ, സമൂഹങ്ങളുടെ പ്രവർത്തനം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. സമൂഹത്തിന്റെ പ്രവർത്തനമേഖല വിപുലമായി . അതിനാൽ കുടുംബനാഥനോ, ഗോത്രത്തലവനോ, വർഗമേധാവിക്കോ നാനാവിധ കർമങ്ങളനുഷ്ഠിക്കുന്ന സമൂഹത്തെ നിയന്ത്രിച്ച് നടത്താൻ കഴിയാതെവന്നു. ഇത് സ്വാഭാവികമായും രാഷ്ട്രത്തിലേക്കും രാഷ്ട്രത്തലവനിലേക്കും ഉള്ള വളർച്ചയായി. സാമ്പത്തികമായ ചുറ്റുപാടുകളും ഈ പരിണാമത്തിന് വഴിതെളിച്ചു. ചൂഷിതവർഗത്തിന്റെമേൽ അധികാരം നിലനിർത്താൻ ചൂഷകവർഗ്ഗം കണ്ടുപിടിച്ച ഉപാധിയാണ് രാഷ്ട്രം എന്ന് മാർക്സ് തറപ്പിച്ചുപറഞ്ഞിട്ടുണ്ട്.

മൂന്ന് വിധത്തിലുള്ള രാഷ്ട്രീയസ്ഥാപനങ്ങളാണ് ഇന്ന് ലോകത്തിലുള്ളത്. ഗോത്രസ്വഭാവമുള്ള രാഷ്ട്രങ്ങൾ, അവികസിതരാഷ്ട്രങ്ങൾ, വികസിതരാഷ്ട്രങ്ങൾ. അടുത്തകാലംവരെ യൂറോപ്യൻ രാജ്യങ്ങളുടെ കോളനികളായിരുന്ന മിക്ക ആഫ്രിക്കൻ രാഷ്ട്രങ്ങളും ഗോത്രസ്വഭാവമുള്ളവയാണ്. യൂറോപ്യൻ രാഷ്ട്രങ്ങളുടെ സ്വാധീനംമൂലം പല പാശ്ചാത്യരീതികളും ഈ രാജ്യങ്ങളിൽ നടപ്പിലായിട്ടുണ്ട്. അവികസിതമെന്നോ വികസിതമെന്നോ വിശേഷിപ്പിക്കുന്ന രാജ്യങ്ങളിൽ പലതും വികസിതരാജ്യങ്ങളുടെ തണലിലാണ് കഴിയുന്നത്. കൃഷിക്ക് പ്രാധാന്യമുള്ള രാഷ്ട്രങ്ങളാണ് ഇവ. വ്യാവസായികമായി മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങൾ മുതലാളിത്തം, സോഷ്യലിസം എന്ന രണ്ട് ചേരികളിലായി തിരിഞ്ഞുനിൽക്കുന്നു. വോട്ടവകാശാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഗവൺമെന്റ്, കേന്ദ്രീകൃതമായ

3. സോഷ്യലിസത്തിന്റെ കാതലായ സിദ്ധാന്തം എന്താണ്?
4. തൊഴിൽ വിഭജനം തൊഴിലാളികളിൽ ഉണ്ടാക്കുന്ന മാനസികാവസ്ഥ എന്താണ്? ഇതെങ്ങനെ സംഭവിക്കുന്നു?

## 3.12 വിഷയാവതരണം

ഒരു പൗരൻ അവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. അവയാണ്:-

രാഷ്ട്രമെന്നാലെന്ത്? രാഷ്ട്രത്തിന്റെ ഘടകങ്ങൾ ഏവ? ഏതെല്ലാമാണ് രാഷ്ട്രീയ സ്ഥാപനങ്ങൾ? ഇവയെക്കുറിച്ചുള്ള അറിവാണ് അവന്റെ ആത്മബോധത്തിന്റെ ആദ്യത്തെ തെളിവ്. രാഷ്ട്രപുരോഗതി ശക്തിയും അധികാരവുമുള്ള വ്യക്തികളേയും സ്ഥാപനങ്ങളേയും ആശ്രയിച്ചിരിക്കുന്നു. എന്താണീ സ്ഥാപനങ്ങൾ എന്ന് നമുക്ക് സാമാന്യമായി പഠിക്കാം.

### പാഠം-5 രാഷ്ട്രീയസ്ഥാപനങ്ങൾ

സമൂഹത്തിന്റെ നന്മയ്ക്കും, സുരക്ഷിതവും ഭദ്രവുമായ പ്രവർത്തനത്തിനും നിയമങ്ങളും നീതിനിർവഹണവും അത്യാവശ്യമാണ്. ഇത്തരം നിയമങ്ങളും മററും ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്ന് നോക്കി നടത്തുന്നതിനുള്ള അധികാരം ചില വ്യക്തികളിലോ സംഘങ്ങളിലോ നിക്ഷിപ്തമായിരിക്കും. ഇങ്ങനെ ഭരണപരമായ ചുമതല നിർവഹിക്കുന്നതിനുള്ള ശക്തിയും അധികാരവും സമൂഹം അവർക്ക് നൽകിയിരിക്കും. സാമൂഹ്യമായി അംഗീകരിക്കപ്പെട്ടതും നിയമ സാദ്ധ്യതയുള്ളതുമായ ശക്തിയാണ് 'അധികാരം'. ഇങ്ങനെ പ്രയോഗിക്കപ്പെടുന്ന അധികാരം സമൂഹത്തിന്റെ ഭദ്രമായ നിലനിൽപ്പിന് അത്യാവശ്യമാണ്.

അധികാരം മൂന്ന് വിധത്തിലുണ്ട്. സ്വന്തം വ്യക്തിത്വത്തിന്റെ അസാധാരണമായ പ്രഭാവംകൊണ്ട് സമൂഹത്തിന്റെശ്രദ്ധ പിടിച്ചുപററുകയും അനുയായികളെ സമ്പാദിക്കുകയും അവരുടെമേൽ അധികാരം നിലനിർത്തുകയും ചെയ്യുന്ന വ്യക്തികളുണ്ട്. ഇവർക്കുള്ളത് വ്യക്തിപ്രഭാവംകൊണ്ട് കൈവന്ന അധികാരമാണ്. അധികാരം പരമ്പരാഗതമായി ലഭിക്കുന്നവരുമുണ്ട്. സ്വന്തമായ വ്യക്തിപ്രഭാവം ഇല്ലെങ്കിൽത്തന്നെയും രാജവാഴ്ചക്കാലത്ത് അധികാരം രാജകുടുംബത്തിലുള്ള മറെറാരു അംഗത്തിലേക്ക് മാറുകയായിരുന്നു പതിവ്. ഭരണപരമായ സൗകര്യത്തിനുവേണ്ടി സമൂഹം വ്യക്തികളിൽ നിക്ഷിപ്തമാക്കുന്ന അധികാരമാണ് നിയമപരമായ അധികാരം. പോലീസിനും മററുമുള്ള അധികാരം ഇത്തരത്തിലുള്ളതാണ്.

ഭരണപരമായ മേൽപ്പറഞ്ഞ ചുമതലകൾ നിർവഹിക്കപ്പെടുന്ന പ്രദേശവും സമൂഹവുമാണ് രാഷ്ട്രം. സ്ഥലം മാറി താമസിച്ചുകൊണ്ടിരിക്കുന്ന ആദിവാസികളുടെ ഒരു കൂട്ടത്തെ രാഷ്ട്രമെന്ന് കരുതുക വയ്യ. രാഷ്ട്രത്തെ പരിപാലിക്കുന്നതിനുള്ള സംവിധാനമാണ് സർക്കാർ. സമൂഹത്തിലെ എല്ലാ നിയമങ്ങളും രാഷ്ട്രത്തിന്റെ പരമാധികാരത്തിന് വിധേയമായിട്ടായിരിക്കും ഉണ്ടാക്കുക. പ്രാകൃത സമൂഹങ്ങൾ കുടുംബം, ഗോത്രം, വർഗം എന്നിങ്ങനെ വളർന്നുവന്നവയാണ്. ജനസംഖ്യ വർദ്ധിക്കുകയും പരിത:സ്ഥിതിയിൽ മാററം വരുകയും സമൂഹത്തിന്റെ സ്വഭാവം മാറുകയും ചെയ്തപ്പോൾ, സമൂഹങ്ങളുടെ പ്രവർത്തനം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. സമൂഹത്തിന്റെ പ്രവർത്തനമേഖല വിപുലമായി . അതിനാൽ കുടുംബനാഥനോ, ഗോത്രത്തലവനോ, വർഗമേധാവിക്കോ നാനാവിധ കർമങ്ങളനുഷ്ഠിക്കുന്ന സമൂഹത്തെ നിയന്ത്രിച്ച് നടത്താൻ കഴിയാതെവന്നു. ഇത് സ്വാഭാവികമായും രാഷ്ട്രത്തിലേക്കും രാഷ്ട്രത്തലവനിലേക്കും ഉള്ള വളർച്ചയായി. സാമ്പത്തികമായ ചുററുപാടുകളും ഈ പരിണാമത്തിന് വഴിതെളിച്ചു. ചൂഷിതവർഗത്തിന്റെമേൽ അധികാരം നിലനിർത്താൻ ചൂഷകവർഗ്ഗം കണ്ടുപിടിച്ച ഉപാധിയാണ് രാഷ്ട്രം എന്ന് മാർക്സ് തറപ്പിച്ചുപറഞ്ഞിട്ടുണ്ട്.

മൂന്ന് വിധത്തിലുള്ള രാഷ്ട്രീയസ്ഥാപനങ്ങളാണ് ഇന്ന് ലോകത്തിലുള്ളത്. ഗോത്രസ്വഭാവമുള്ള രാഷ്ട്രങ്ങൾ, അവികസിതരാഷ്ട്രങ്ങൾ, വികസിതരാഷ്ട്രങ്ങൾ. അടുത്തകാലംവരെ യൂറോപ്യൻ രാജ്യങ്ങളുടെ കോളനികളായിരുന്ന മിക്ക ആഫ്രിക്കൻ രാഷ്ട്രങ്ങളും ഗോത്രസ്വഭാവമുള്ളവയാണ്. യൂറോപ്യൻ രാഷ്ട്രങ്ങളുടെ സ്വാധീനംമൂലം പല പാശ്ചാത്യരീതികളും ഈ രാജ്യങ്ങളിൽ നടപ്പിലായിട്ടുണ്ട്. അവികസിതമെന്നോ വികസിതമെന്നോ വിശേഷിപ്പിക്കുന്ന രാജ്യങ്ങളിൽ പലതും വികസിതരാജ്യങ്ങളുടെ തണലിലാണ് കഴിയുന്നത്. കൃഷിക്ക് പ്രാധാന്യമുള്ള രാഷ്ട്രങ്ങളാണ് ഇവ. വ്യാവസായികമായി മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങൾ മുതലാളിത്തം, സോഷ്യലിസം എന്ന രണ്ട് ചേരികളിലായി തിരിഞ്ഞുനിൽക്കുന്നു. വോട്ടവകാശാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഗവണ്മെന്റ്, കേന്ദ്രീകൃതമായ

ബ്യൂറോക്രസി എന്നിവയാണ് വ്യാവസായിക മുതലാളിത്തസമൂഹങ്ങളുടെ പൊതുസ്വഭാവം.

## 8.13 പാഠസംഗ്രഹം

സാമൂഹ്യസ്ഥാപനങ്ങളിൽ അതിപ്രധാനമായ ഒന്നാണ് രാഷ്ട്രീയ സ്ഥാപനങ്ങൾ. സമൂഹത്തിന്റെ സുരക്ഷിതത്വവും വളർച്ചയും ഉറപ്പുവരുത്തുന്നത് രാഷ്ട്രീയ സ്ഥാപനങ്ങളാണ്. ഇവ ഉറപ്പുവരുത്തുന്നതിന് രാഷ്ട്രത്തിനുള്ള ശക്തിയാണ് 'അധികാരം'.

പലതരത്തിലുള്ള അധികാരങ്ങളെക്കുറിച്ച് ഇവിടെ ചിന്തിച്ചിരിക്കുന്നു.

1. വ്യക്തിത്വത്തിന്റെ അസാധാരണത്വം നൽകുന്ന അധികാരം.
2. പരമ്പരാഗതമായി ലഭിക്കുന്ന അധികാരം.
3. സമൂഹം സൗകര്യത്തിനുവേണ്ടി ഏൽപ്പിച്ചുകൊടുക്കുന്ന അധികാരം.

എന്താണ് രാഷ്ട്രം, രാഷ്ട്രത്തിന്റെ ഘടകങ്ങൾ രാഷ്ട്രീയ സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള സംക്ഷിപ്തമായ വിവരവും പാഠത്തിൽ നൽകിയിരിക്കുന്നു.

### പുരോഗതി സ്വയം പരിശോധിക്കുക-4

1. അധികാരം ചില വ്യക്തികളിൽ നിക്ഷേപിക്കുന്നത് എന്തിനുവേണ്ടിയാണ്?
2. അധികാരം വ്യക്തികൾക്ക് ലഭിക്കുന്ന വിധങ്ങൾ ഏവ?
3. രാഷ്ട്രം എന്നാൽ എന്ത്?

### പുരോഗതി സ്വയം പരിശോധിക്കുക-ഉത്തരം

1) 1. മനുഷ്യബന്ധങ്ങൾക്ക് സാംസ്കാരികമായ ഒരു അടിത്തട്ട് ഉണ്ടെന്നുള്ളത്

2. സമൂഹത്തിന്റെ ഘടകങ്ങൾ, ഘടന, ബന്ധങ്ങൾ, പൊതുസ്വഭാവം എന്നിവയ്ക്ക് പുറമെ, സമൂഹത്തിന് മൊത്തത്തിലുണ്ടായിട്ടുള്ള വളർച്ച പ്രാചീന സമൂഹത്തിൽനിന്നും ആധുനികസമൂഹത്തിലേയ്ക്കുള്ള മാർഗ്ഗത്തിന്റെ വിവിധ ഘട്ടങ്ങൾ എന്നിവകൂടി പരിഗണിക്കണം.

3. കുടുംബം, സ്കൂൾ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങി സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ സ്ഥാപനങ്ങളും സാമൂഹ്യശാസ്ത്രത്തിന്റെ വിഷയത്തിൽ ഉൾപ്പെടുന്നു.

4. ഫ്രഞ്ചു ദാർശനികനായ ആഗസ്ററ് കോംപ്ത 1837ൽ പ്രസിദ്ധീകരിച്ച 'പോസിററിവ് ഫിലോസഫി' എന്ന പുസ്തകത്തിൽ

5. കൗടില്യൻ, കാൾമാർക്സ്.

2) 1. ആഹാരസമ്പാദനം, കുട്ടികളുടെ സാമൂഹ്യവൽക്കരണം തൊഴിൽപരിശീലനം, സ്ത്രീയുടെ സംരക്ഷണം, വൃദ്ധജനസംരക്ഷണം, വൈദ്യസഹായം എന്നിവയാണ് കുടുംബം നിറവേററുന്ന ധർമ്മങ്ങൾ.

2. പുരുഷന് കുടുംബത്തിൽ പ്രാധാന്യം കൽപ്പിക്കുന്ന സമ്പ്രദായം മക്കത്തായവും സ്ത്രീയ്ക്ക് പ്രാധാന്യം നൽക്കുന്നത് മരുമക്കത്തായവും ആകുന്നു.

3. ഭർത്താവ്, ഭാര്യ, പ്രായപൂർത്തിയാകാത്ത മക്കൾ എന്നിവർ മാത്രം അടങ്ങുന്ന കുടുംബം മൂലകുടുംബം. ഇവർക്ക് പുറമെ ഭാര്യാഭർത്താക്കന്മാരുടെ ബന്ധുക്കളും, പ്രായപൂർത്തിയായ മക്കളും അടങ്ങുന്ന കാടുംബം കൂട്ടുകുടുംബം.

3) 1. സാമൂഹ്യമൂല്യങ്ങളും പെരുമാററച്ചട്ടങ്ങളും, സമൂഹത്തിലെ വ്യക്തികളെ പഠിപ്പിക്കുകയും അവ അനുസരിച്ച് ജീവിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സാമൂഹ്യനിയന്ത്രണം. വിദ്യാലയങ്ങൾ, കോടതികൾ, വർത്തമാനപത്രങ്ങൾ, റേഡിയോ, ടെലിവിഷനുകൾ എന്നിവ ഇതിന് സഹായകമായിത്തീരുന്നു.

2. സാമൂഹ്യനിയന്ത്രണത്തിനുള്ള ഏററവും ഫലപ്രദമായ മാർഗ്ഗം വിദ്യാഭ്യാസമാകുന്നു. വാർത്താമാധ്യമങ്ങളും, ഭരണകൂടവും, കോടതിയും മററുമാർഗ്ഗങ്ങളാകുന്നു.

4) 1. പരിതസ്ഥിതിക്കനുസരണമായി സാമൂഹ്യജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുവാൻ വ്യക്തികളെ സഹായിക്കുകയാണ് സാമ്പത്തിക സ്ഥാപനങ്ങളുടെ പ്രധാന ധർമ്മം.

2. ഉല്പാദനത്തിനുപുറമെ വിതരണം എന്ന ക്രിയ സാധാരണമായപ്പോൾ ചരക്കുകൾക്ക് പകരം ചരക്ക് എന്നതിനേക്കാൾ ലോഹനിർമ്മിതമായ നാണയം–പണം–ആവശ്യഘടകമായി വന്നു

3. വ്യക്തി സ്വാതന്ത്ര്യത്തെ സമൂഹചൂഷണമാവാനനുവദിക്കാതെ ബുദ്ധിപൂർവ്വം സർക്കാർ ഇടപെടുക എന്നതാണ് സോഷ്യലിസത്തിന്റെ കാതലായ ഭാഗം.

4. ഉല്പാദനപ്രക്രിയയുടെ ഭാഗമാണ് തങ്ങൾ, ഉല്പാദനത്തിൽ പൂർണ്ണമായ പങ്കാളിത്തം തങ്ങൾക്കില്ല എന്ന തോന്നൽ തൊഴിലാളികളുടെ മനസ്സിനെ മരവിപ്പിക്കുന്നു.

5) 1. ഭരണപരമായ സൗകര്യത്തിനുവേണ്ടി.

2. അധികാരം മൂന്ന് വിധത്തിൽ ലഭിക്കുന്നു.
ഒന്ന് സ്വന്തം വ്യക്തി പ്രഭാവം കൊണ്ട്
രണ്ട് പരമ്പരാഗതമായി.
മൂന്ന് നിയമപരമായി.

3. സമൂഹത്തിന്റെ നന്മയ്ക്കും സുരക്ഷിതവും ഭദ്രവുമായ പ്രവർത്തനത്തിനും വേണ്ടി നിയമങ്ങളും നീതിനിർവ്വഹണവും നടത്തുന്ന പ്രദേശവും സമൂഹവുമാണ് രാഷ്ട്രം.